**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **07.11.2019-ൽ മറുപടിക്ക്**
**ചോദ്യം നം. 3251**

**മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എസ്.ശർമ്മ**<br>**,, കെ.കുഞ്ഞിരാമൻ**<br>**,, എം. മുകേഷ്**<br>**,, കെ. ആൻസലൻ :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി) |
| (എ) | അശാസ്ത്രീയ മത്സ്യബന്ധന രീതികളും വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദവും മത്സ്യശോഷണത്തിനിടയാക്കുന്നത് പരിഹരിക്കാൻ നടത്തി വരുന്ന പ്രവർത്തനം അറിയിക്കാമോ; | (എ) | കേരള തീരക്കടലിലെ അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനുവേണ്ടി കെ.എം.എഫ്.ആർ ആക്ട് കാലോചിതമായി പരിഷ്കരിക്കുകയും പുതിയ കെ.എം.എഫ്.ആർ ചട്ടങ്ങൾ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ ചട്ടങ്ങൾ പ്രകാരം ട്രോൾ വലകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കിയിട്ടുണ്ട്. പ്രധാന വലകളുടെ പരമാവധി വലിപ്പവും, കുറഞ്ഞ കണ്ണിവലിപ്പവും നിശ്ചയിച്ചിട്ടുണ്ട്. പേഴ്സിൻ, പെലാജിക് ട്രോൾ , മിഡ് വാട്ടർ ട്രോൾ, ബുൾ ട്രോൾ (പെയർ ട്രോൾ) എന്നിവ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ തീരക്കടലിൽ മത്സ്യബന്ധനം നടത്തുന്നതിനുള്ള ലൈസൻസ് 20 മീറ്റർ വരെ നീളവും, 250 എച്ച്.പി വരെ എഞ്ചിൻ കപ്പാസിറ്റിയുമുള്ള യാനങ്ങൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്. മത്സ്യസമ്പത്ത് സംരക്ഷിച്ച് ഉപയോഗപ്പെടുത്തുന്നതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് പുതതായി രൂപീകരിച്ചിട്ടുള്ള ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനവും പ്രയോജനപ്പെടുത്തുന്നുണ്ട്. ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യ ബന്ധനത്തിന് നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്. പുതുക്കിയ ചട്ടം അനുസരിച്ച് നശീകരണ മത്സ്യബന്ധന രീതികളായ ഡൈനാമൈറ്റ് പോലുള്ള സ്ഫോടക |

| | | | |
|---|---|---|---|
| | | | വസ്തുക്കൾ, വിഷം, മറ്റ് മാരകമായ രാസവസ്തുക്കൾ, കൃത്രിമ പ്രകാശം എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനവും, തെങ്ങിന്റെ ക്ലാഞ്ഞിൽ, വൃക്ഷ ശിഖരങ്ങൾ എന്നിവ ഉപയോഗിച്ചും പ്ലാസ്റ്റിക് ബോട്ടിലുകൾ, ഉപയോഗശൂന്യമായ വല എന്നിവ കൂട്ടികെട്ടിയുമുള്ള മത്സ്യബന്ധനവും നിരോധിച്ചിട്ടുണ്ട്. സി.എം.എഫ്.ആർ.ഐ യുടെ പഠന റിപ്പോർട്ടിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യ ഇനങ്ങളുടെ കാര്യത്തിൽ നിയമപരമായി പിടിച്ചെടുക്കാവുന്ന ഏറ്റവും കുറഞ്ഞ വലിപ്പം നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. അശാസ്ത്രീയ മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യ ബന്ധന യാനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. കെ.എം.എഫ്.ആർ ആക്ടിൽ വരുത്തിയ ഭേദഗതിക്ക് ശേഷം പട്രോളിംഗ് ശക്തമാക്കുകയും നിയമ ലംഘനം നടത്തുന്ന യാനങ്ങൾ കണ്ടെത്തി വർദ്ധിച്ച പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. പ്രാദേശിക തലത്തിലും സംസ്ഥാന തലത്തിലും മത്സ്യത്തൊഴിലാളി നേതാക്കളുടെയും, പ്രതിനിധികളുടെയും യോഗം വിളിച്ചു ചേർത്തും ഫിഷറീസ് സ്റ്റേഷൻ വഴിയും മത്സ്യഭവനുകൾ വഴിയും ജില്ലകളിൽ രൂപീകൃതമായ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ വഴിയും മത്സ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണം നടത്തുകയും ചെറു മത്സ്യങ്ങളെയും മത്സ്യക്കുഞ്ഞുങ്ങളെയും പിടിക്കുന്നതുവഴി മത്സ്യസമ്പത്ത് നശിക്കുന്നതുമായി ബന്ധപ്പെട്ട് അവബോധം സൃഷ്ടിക്കുകയും ചെയ്തു വരുന്നുണ്ട്. മത്സ്യസമ്പത്ത് പരിപാലിക്കുന്നതിന്റെ ഭാഗമായി 2018 വർഷം മുതൽ ട്രോൾബാൻ കാലാവധി 47 ദിവസത്തിൽ നിന്ന് 52 ദിവസമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനത്തെക്കുറിച്ച് അറിയിക്കാമോ; സംസ്ഥാന, ജില്ല, ഗ്രാമ തലങ്ങളിൽ ഇത്തരം കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ച് ഉത്തരവാകുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ തല, വില്ലേജ് തല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ അതിവേഗം പൂർത്തീകരിച്ച് വരികയാണ്. ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രധാന ചുമതലകൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (സി) | നീല വിപ്ലവ പദ്ധതിയിൽ ഉൾപ്പെടുത്തി അഡാക്ക് മുഖേന കടലിൽ നടത്തിവരുന്ന കൂട്ടുകൃഷി പദ്ധതി പ്രതീക്ഷിത നേട്ടം കൈ വരിച്ചിട്ടുണ്ടോ; ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്തൊക്കെയാണ്? | (സി) | നീലവിപ്ലവം പദ്ധതിയിൽ ഉൾപ്പെട്ട സീകേജ് ഫാമിംഗ് പദ്ധതി അഡാക്ക് മുഖേന നടത്തുന്നതിന് 2016-17 സാമ്പത്തിക വർഷം 1398 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ 3 വർഷത്തോളമായിട്ടും പദ്ധതി നിർവ്വഹണ ഏജൻസിയായ അഡാക്ക് മുഖേന ടി പദ്ധതി നടപ്പിലാകാത്തതിനാൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ 4 ജില്ലകളിൽ സീകേജ് ഫാമിംഗ് പദ്ധതി ജനകീയ മത്സ്യകൃഷി സെൽ മുഖേന നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും കേജുകൾ സപ്ലൈ ചെയ്യുന്നതിനുള്ള ഇ-ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.<br>2019-20 സാമ്പത്തിക വർഷം ജനകീയ മത്സ്യകൃഷിയിൽ ഉൾപ്പെടുത്തി ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 74.2 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം II ആയി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം I

## ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ

1. തദ്ദേശീയമായ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് ഒരു വില്ലേജ് സമുദ്ര മത്സ്യബന്ധന മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുകയും അതിന് ജില്ലാതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിൽ നിന്നും അംഗീകാരം വാങ്ങുകയും ചെയ്യുക.
2. ഉത്തരവാദിത്വ മത്സ്യബന്ധനത്തെക്കുറിച്ചും മത്സ്യസമ്പത്തിന്റെ സംരക്ഷണത്തെക്കുറിച്ചും സമുദ്ര മത്സ്യബന്ധന ആൾക്കാരുടെയും തീരദേശ വാസികളുടെയും ഇടയിൽ ബോധവത്ക്കരണം നടത്തുക.
3. ഫിഷിംഗ് വില്ലേജിൽ KMFR ആക്ടിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സഹായിക്കുക.
4. ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന് അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി സഹായിക്കുകയും ആ കൗൺസിലിൽ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുകയും ചെയ്യുക.
5. ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ ഏൽപ്പിച്ച കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.

## ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ

1. ജില്ലക്കുവേണ്ടി സമുദ്ര മത്സ്യബന്ധന മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുകയും സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ അംഗീകാരം വാങ്ങുകയും ചെയ്യുക.
2. ഫിഷറീസ് വില്ലേജ് മാനേജ്മെന്റ് കൗൺസിലുകൾ തയ്യാറാക്കിയ വില്ലേജ് തല ഫിഷറീസ് മാനേജ്മെന്റ് പദ്ധതിയിൻ മേൽ ഉചിതമായ തീരുമാനം എടുക്കുക.
3. കാലാകാലങ്ങളിൽ സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ ഏൽപ്പിക്കുന്ന കർത്തവ്യങ്ങളും അധികാരങ്ങളും നിർവ്വഹിക്കുക.
4. വില്ലേജ് മാനേജ്മെന്റ് കൗൺസിലുകൾ തമ്മിലുള്ളതും അവർ റഫർ ചെയ്യുന്നതുമായ പ്രശ്നങ്ങളും അഭിപ്രായ വ്യത്യാസങ്ങളും പരിഹരിക്കുക
5. സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിനെ അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി സഹായിക്കുകയും ആ കൗൺസിൽ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുകയും ചെയ്യുക.

## സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ

1. സംസ്ഥാനത്തിനോ അതിന്റെ ഭാഗത്തിനോ വേണ്ടി മറൈൻ ഫിഷറിസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുക.
2. മാരികൾച്ചറിനും സംരക്ഷണ പ്രവർത്തനങ്ങൾക്കുമായി അനുയോജ്യമായ സ്ഥലങ്ങൾ / പ്രദേശങ്ങൾ കണ്ടെത്തുക.
3. മാരികൾച്ചർ, സമുദ്ര മത്സ്യസമ്പത്തിന്റെ സംരക്ഷണം, വിളവെടുപ്പിന് ശേഷമുള്ള പ്രവർത്തനം എന്നീ മേഖലകളിൽ പരിശീലന പരിപാടികൾ, സെമിനാറുകൾ, ശില്പശാലകൾ എന്നിവ നടത്തുക

4. ജില്ലാ കൗൺസിലുകൾ തമ്മിലുള്ളതും ജില്ലാ കൗൺസിലുകൾ റഫർ ചെയ്യുന്നതുമായ അഭിപ്രായ വ്യത്യാസങ്ങളും പരിഹരിക്കുക.

5. ഏതെങ്കിലും പ്രശ്നത്തിൽ ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ എടുത്ത തീരുമാനം കെ.എം.എഫ്.ആർ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് കണ്ടാൽ സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന് അത് പരിശോധിക്കാവുന്നതും അത്തരം പ്രശ്നത്തിൽ പുതിയ തീരുമാനങ്ങൾ എടുക്കാവുന്നതുമാണ്.

6. സമുദ്ര മത്സ്യബന്ധനവും വിഭവ പരിപാലനവും സാധ്യമാക്കുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് രൂപം നൽകി സർക്കാരിനോട് ശുപാർശ ചെയ്യുക.

7. മത്സ്യബന്ധന തൊഴിലാളിക്കിടയിൽ വിഭവ പരിപാലനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് അനുയോജ്യമായ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

8. സമുദ്ര മത്സ്യബന്ധന നയം രൂപീകരിക്കുന്നതിന് സംസ്ഥാന സർക്കാരിന് ആവശ്യമായ ഉപദേശങ്ങൾ സമർപ്പിക്കുക.

9. സമുദ്ര മത്സ്യകൃഷി, മത്സ്യവിഭവ സംരക്ഷണം, പരിപാലനം എന്നിവയെക്കുറിച്ചുള്ള പഠന റിപ്പോർട്ടുകൾ, പുസ്തകങ്ങൾ, ഓഡിയോ വീഡിയോ പ്രോഗ്രാമുകൾ പീരിയോഡിക്കൽസ് എന്നിവ പ്രസിദ്ധീകരിക്കുക.

10. സമുദ്ര മത്സ്യസമ്പത്തിന്റെ ചൂഷണം, പരിപാലനം, സംരക്ഷണം ഇവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും അവ ബന്ധപ്പെട്ടവർക്ക് യഥാസമയം നൽകുകയും ചെയ്യുക.

11. ജില്ലാതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിൽ പരിഹരിക്കപ്പെടാത്ത വ്യത്യസ്ത അഭിപ്രായങ്ങൾ, നയപരിപാടികൾ എന്നിവയിൽ അന്തിമ തീർപ്പ് കൽപ്പിക്കുക.

12. ജില്ലാതല കൗൺസിലുകൾ റഫർ ചെയ്യുന്ന മറ്റ് വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളുക.

സെക്ഷൻ ഓഫീസർ

## അനുബന്ധം II

| ക്രമ നം: | മത്സ്യകൃഷി രീതി | ഹെക്ടർ/ യൂണിറ്റ് | അടങ്കൽ തുക (ലക്ഷത്തിൽ) | ധനസഹായം (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | ശാസ്ത്രീയ കാർപ്പ് കൃഷി | 1825 ഹെക്ടർ | 4562.50 | 742.10 |
| 2 | പങ്കേഷ്യസ് കൃഷി | 212 ഹെക്ടർ | 3816.00 | 1303.10 |
| 3 | നൈൽതിലാപ്പിയ കൃഷി | 75 ഹെക്ടർ | 900.00 | 209.08 |
| 4 | റിസർക്കുലേറ്ററി അക്വാകൾച്ചർ | 387 യൂണിറ്റ് | 2322.00 | 263.12 |
| 5 | ഒരു നെല്ലും ഒരു മീനും കൃഷി | 9453 ഹെക്ടർ | 1890.60 | 334.10 |
| 6 | തദ്ദേശീയ മത്സ്യങ്ങളുടെ കൃഷി | 62 ഹെക്ടർ | 669.60 | 163.04 |
| 7 | കാരചെമ്മീൻ കൃഷി | 195 ഹെക്ടർ | 1267.50 | 273.00 |
| 8 | ശാസ്ത്രീയ ഓരുജല മത്സ്യകൃഷി | 319 ഹെക്ടർ | 1276.00 | 418.00 |
| 9 | ഓരുജല കൂട് മത്സ്യകൃഷി | 1252 യൂണിറ്റ് | 3756.00 | 1230.24 |
| 10 | ഞണ്ട്കൃഷി | 16 ഹെക്ടർ | 123.50 | 53.00 |
| 11 | കല്ലുമ്മേക്കായ് കൃഷി | 3051 യൂണിറ്റ് | 457.65 | 77.94 |
| 12 | കൃത്രിമ കുളങ്ങളിലെ കൃഷി | 200 യൂണിറ്റ് | 240.00 | 96.00 |
| 13 | ശുദ്ധജല കൂട് മത്സ്യ കൃഷി | 254 യൂണിറ്റ് | 762.00 | 303.84 |
| 14 | കാർപ്പ് - വിശാലമത്സ്യകൃഷി | 1438 ഹെക്ടർ | 43.14 | 43.14 |
| 15 | ഒരു നെല്ലും ഒരു ചെമ്മീനും കൃഷി | 2059 ഹെക്ടർ | 617.70 | 247.08 |
| 16 | ഓർഗാനിക് ചെമ്മീൻകൃഷി | 86 ഹെക്ടർ | 98.90 | 39.56 |
| 17 | ഓരുജലത്തിലെ വിശാല മത്സ്യ കൃഷി | 943 ഹെക്ടർ | 282.90 | 113.16 |
| 18 | പിന്നാമ്പുറങ്ങളിലെ കരിമീൻ വിത്തുല്പാദന യൂണിറ്റ് | 480 യൂണിറ്റ് | 240.00 | 96.00 |
| 19 | കാർപ്പുകളുടെ റിയറിംഗ് യൂണിറ്റ് | 65 ഹെക്ടർ | 377.00 | 150.80 |
| 20 | ഓരുജല മത്സ്യങ്ങളുടെ റിയറിംഗ് | 4 ഹെക്ടർ | 27.60 | 11.04 |
| 21 | അലങ്കാര/ഓരുജല മത്സ്യകുഞ്ഞുങ്ങളുടെ കൂടുകളിലെ പരിപാലനം | 39 യൂണിറ്റ് | 117.00 | 46.80 |
| | ആകെ | | 23847.59 | 6214.14 |

കൂടാതെ കർഷകർക്കുള്ള പരിശീലനം, വിജ്ഞാപനവ്യാപന പ്രവർത്തനങ്ങൾ, മത്സ്യകർഷക അവാർഡ്, മത്സ്യരോഗ നിയന്ത്രണം മുതലായവ ചെയ്യുന്നതിനായി 125.86 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്

കൂടാതെ ബ്ലൂ റെവലൂഷൻ പദ്ധതി (2019-20) പദ്ധതിയിലുൾപ്പെടത്തി 6 പദ്ധതികൾ കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട് അടങ്കൽ തുക 4851 ലക്ഷം രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മത്സ്യ കൃഷി രീതി | യൂണിറ്റ്/ ഹെക്ടർ | അടങ്കൽ തുക (ലക്ഷത്തിൽ) | കേന്ദ്ര വിഹിതം (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | ഓരു ജല കൂടു മത്സ്യകൃഷി | 500 യൂണിറ്റ് | 1545.00 | 370.8 |
| 2 | കല്ലു മ്മേക്കായ കൃഷി | 400 യൂണിറ്റ് | 61.80 | 14.832 |

| | | | | |
|---|---|---|---|---|
| 3 | റീസർക്കുലേറ്ററി അക്വാകൾച്ചർ | 200 യൂണിറ്റ് | 1236.00 | 296.64 |
| 4 | നവീകരിച്ച കുളത്തിലെ ചെമ്മീൻ കൃഷി | 100 ഹെക്ടർ | 669.50 | 160.68 |
| 5 | കുളങ്ങളുടെ പുനരുദ്ധാരണം കാർപ്പ് കൃഷി | 200 ഹെക്ടർ | 1030.00 | 247.20 |
| 6 | ശുദ്ധജല കൂടു മത്സ്യകൃഷി | 100 യൂണിറ്റ് | 309.00 | 74.16 |
| ആകെ | | | 4851.3 | 1164.312 |

**സെക്ഷൻ ഓഫീസർ**